7532
2/8/14

**കേരള സർക്കാർ**

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസനം - വീടുകളുടെ പുനരുദ്ധാരണം/അഡീഷണൽ റൂം നിർമ്മിക്കുന്ന പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നല്കിക്കൊണ്ടും ഭൗതിക ലക്ഷ്യം നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

**സ.ഉ.(കൈ)നം. 48/2014/പജപവവി തീയതി, തിരുവനന്തപുരം, 01.08.2014**

പരാമർശം:
1. സ.ഉ. (കൈ) നം. 70/2013/പജപവവിവ, തീയതി 03.09.2013.
2. സ.ഉ. (കൈ) നം. 8/2014/പജപവവിവ, തീയതി 31.01.2014.
3. സ.ഉ. (കൈ) നം. 19/2014/പജപവവിവ, തീയതി 03.03.2014.
4. സ.ഉ. (കൈ) നം. 22/2014/പജപവവിവ, തീയതി 05.03.2014.
5. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 17.07.2014 ലെ ഡെവ-ബി2-10000/14 നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പ് മുഖേന 2014-15 വർഷത്തിൽ, വീടുകളുടെ പുനരുദ്ധാരണം/അഡീഷണൽ റൂം നിർമ്മിക്കുന്ന പദ്ധതി പ്രകാരം ധനസഹായം നല്കുന്നതിന് 2013-14 ൽ അപേക്ഷ ക്ഷണിച്ചതിൽ വിവിധ ജില്ലകളിലായി അവശേഷിക്കുന്ന അർഹരായ അപേക്ഷകർക്ക് (3992 പേർ) മുൻഗണന നല്കി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടും പദ്ധതിയുടെ ഭൗതിക ലക്ഷ്യം നിശ്ചയിക്കുന്നതിനുമായി പരാമർശം (5) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശുപാർശ സമർപ്പിക്കുകയുണ്ടായി.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശുപാർശയുടെ അടിസ്ഥാനത്തിൽ, വീടുകളുടെ പുനരുദ്ധാരണം/അഡീഷണൽ റൂം നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി 2014-15 വർഷത്തിൽ ധനസഹായം അനുവദിയ്ക്കുന്നതിനുള്ള ഭൗതിക ലക്ഷ്യം 6000 ആയി നിശ്ചയിച്ചുകൊണ്ടും, കഴിഞ്ഞ വർഷത്തെ അപേക്ഷകരിൽ അവശേഷിക്കുന്ന അർഹരായവർക്ക് മുൻഗണന നല്കിയ ശേഷം, ബാക്കിയുള്ള ഗുണഭോക്താക്കളെ ജില്ലാടിസ്ഥാനത്തിൽ ആനുപാതികമായി കണ്ടെത്തി, പരാമർശിത ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി തെരഞ്ഞെടുക്കുന്നതിന് അനുമതി നല്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
അജയൻ സി.
അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി & എസ് സെക്ടർ) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.